**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും അധികജലം ഒഴുക്കി വിടാനും വേണ്ടി നിർമ്മിച്ച മണലൂർ മണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ ഷട്ടറുകൾക്ക് കാലപ്പഴക്കത്താൽ കേട്ടുപാട് സംഭവിച്ചിട്ടുള്ളതും തന്മൂലം നെൽകൃഷിക്ക് നാശനഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനു പരിഹാരമായി താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിന്റെ ആവർത്തന ചെലവ് ഒഴിവാക്കുന്നതിനായി മേൽപറഞ്ഞ റഗുലേറ്ററുകളുടെ നവീകരണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിന്റെ ആവർത്തന ചെലവ് ഒഴിവാക്കുന്നതിനും ഏനാമാവ്, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ കേട്ടുപാടുകൾ പരിഹരിക്കുന്നതിനായി റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI)ൽ ഉൾപ്പെടുത്തി യഥാക്രമം 732 ലക്ഷം, 446 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഏനാമാവ് റഗുലേറ്ററിന്റെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ മെക്കാനിക്കൽ വിഭാഗം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. റഗുലേറ്റർ സ്ട്രക്ച്ചറിന്റെ സ്റ്റെബിലിറ്റി ഉറപ്പുവരുത്തിയശേഷം സിവിൽ വിഭാഗം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ